രിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കോപ്പിയടിച്ചതായി എന്തെങ്കിലും തെളിവുണ്ടോ; എങ്കിൽ എന്താണ് തെളിവെന്ന് വെളിപ്പെടുത്തുമോ;

(സി) ഊമക്കത്തിൽ പറയുന്ന കാര്യങ്ങൾ തെളിവായി സ്വീകരിക്കുവാൻ സാധിക്കുമോ?

ഉത്തരം

(എ) ഊമക്കത്തിന്റെ അടിസ്ഥാനത്തിലല്ല ഫലം തടഞ്ഞുവച്ചത്. പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(ബി) ഇല്ല. പരീക്ഷാഫലം തടഞ്ഞുവച്ചത് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ്.

(സി) ഇല്ല.

172 (3188) പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ 6-ാം ക്ലാസ്സ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 115 വർഷം പഴക്കമുള്ള പെരുമാതുറ ഗവൺമെന്റ് സ്കൂളിൽ അഞ്ചാം ക്ലാസ്സ് അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ആറാം ക്ലാസ്സ് അനുവദിച്ചിട്ടില്ലെന്ന കാര്യം ഗവൺമെന്റിനറിയുമോ;

(ബി) പ്രസ്തുത സ്കൂളിൽ 6-ാം ക്ലാസ്സ് കൂടി അനുവദിക്കാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം ഇപ്പോൾ ഇല്ലാത്തതിനാൽ ഇക്കാര്യം പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ല.

173 (3191) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ എത്ര അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്;

(ബി) ഇവിടെ അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 കോച്ചുമാരുടെ ഒഴിവുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് പി.എസ്. സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ തസ്തികകളിൽ എപ്ലോയ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്താൻ പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

174 (3195) യു.ജി.സി. സ്കീം

ശ്രീ. കെ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ജി.സി. സ്കീം നടപ്പിലാക്കിയപ്പോൾ യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥചെയ്തിട്ടുണ്ടോ;

(ബി) അദ്ധ്യാപക നിയമനത്തിന് ബിരുദാനന്തരബിരുദത്തിന് ചുരുങ്ങിയത് 55 ശതമാനം മാർക്കു കൂടാതെ എലിജിബിലിറ്റി ടെസ്റ്റും പാസ്സായിരിക്കണമെന്ന് ഈ വ്യവസ്ഥകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ഓരോ യൂണിവേഴ്സിറ്റിയും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) യൂണിവേഴ്സിറ്റികൾ സ്വയംഭരണ സ്ഥാപനങ്ങളാകയാൽ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ നിരസിക്കുവാൻ അവകാശമുണ്ടോ;

(ഇ) അദ്ധ്യാപക നിയമനത്തിന് യോഗ്യതാ പരീക്ഷ പാസ്സാകണമെന്ന മാനദണ്ഡം ആവശ്യമില്ലെന്ന് എം.ജി. യൂണിവേഴ്സിറ്റി തീരുമാനമെടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) യു.ജി.സി. സ്കീമിന്റെ പ്രധാനലക്ഷ്യമായ ഉയർന്ന അദ്ധ്യയന നിലവാരത്തിനു ദോഷകരമാണ് ഈ നടപടിയെന്നറിയുമോ; ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസ്ഥ ചെയ്തിട്ടുണ്ട്,

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ)&(എഫ്) ഇല്ല. എന്നാൽ യു.ജി.സി.യും സർക്കാരും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തുവാൻ യൂണിവേഴ്സിറ്റികൾക്ക് അധികാരമില്ല. മാത്രവുമല്ല, യോഗ്യതാ മാനദണ്ഡങ്ങൾക്ക് ഇളവുനൽകുന്നത് യു.ജി.സി. സ്കീം നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യമായ ഉയർന്ന ഉന്നത വിദ്യാഭ്യാസ നിലവാരം എന്നതിനു ദോഷകരവുമാണ്.

175 (3196) സ്വകാര്യകോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പളം നൽകാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വകാര്യ കോളേജ് അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly